**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1301** **07-10-2021 - ൽ മറുപടിയ്ക്ക്**

**മഹാമാരിക്കാലത്തെ സ്കൂളുകളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മഹാമാരിക്കാലത്ത് തുറക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി എന്തൊക്കെ പ്രതിരോധ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യവകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യ സുരക്ഷ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ/ എസ്.എം.സി, യുവജന സംഘടനകൾ, അധ്യാപകസംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് കാലത്തെ സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ആ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇത് സംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്. |
| (സി) | സ്കൂളിൽ പോയതിനു ശേഷം കുട്ടികളിൽ കോവിഡ് ബാധയുണ്ടയാൽ അതുമൂലമുണ്ടാകുന്ന ക്ലാസ് നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സ്കൂളിൽ ക്ലാസ്സുകൾ നടക്കുന്നതോടൊപ്പം തന്നെ വിക്ടേഴ്സ് ചാനൽവഴി നിലവിൽ സംപ്രേഷണം ചെയ്തുവരുന്ന ഡിജിറ്റൽ ക്ലാസ്സുകൾ തുടരുന്നതാണ്. കൂടാതെ ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെയുള്ള ഓൺലൈൻ ക്ലാസ്സുകളും നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ